# പതിമൂന്നാം കേരളനിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 265** — **08.02.2016-ൽ മറുപടിക്ക്**

## പോലീസ് മർദ്ദനം

| ചോദ്യം<br>ശ്രീ.സാജു പോൾ | | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | ശ്രീ. ബേസിൽ മത്തായി, ഇലഞ്ഞിക്കമാലി വീട്, ആലാട്ടുചിറ പി.ഒ., പെരുമ്പാവൂർ, എറണാകുളം എന്നയാളെ വീട്ടിൽ നിന്നും ബലമായി ഇറക്കി സ്വകാര്യ വാഹനത്തിൽ കയറ്റിയശേഷം കോതമംഗലം സബ് ഇൻസ്പെക്ടർ സുധീർ മനോഹർ, കാലടി പോലീസ് സ്റ്റേഷനിലെ ഡ്രൈവർ അനീഷ് റ്റി .എസ്. തുടങ്ങി ആറ് പേർ ചേർന്ന് ഭീകരമായി മർദ്ദിച്ചത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) പരാതി ലഭിച്ചിട്ടുണ്ട്. ലഭിച്ച പരാതിയെപ്പറ്റി അന്വേഷണം നടത്തുകയും പരാതിയിൽ പറയുന്ന സംഭവ സ്ഥലം മൂവാറ്റുപുഴ സബ് ഡിവിഷൻ പരിധിയിൽ ആണ് എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന് മൂവാറ്റുപുഴ ഡി.വൈ.എസ്.പി. യെ ചുമതലപ്പെടുത്തി-യിട്ടുള്ളതുമാണ്. |
| (ബി) | മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ഏതെല്ലാം വകുപ്പ് പ്രകാരമെന്ന് അറിയിക്കുമോ; | (ബി) ഇല്ല. ടി പരാതി സംബന്ധിച്ച് അന്വേഷണം നടത്തിയതിൽ പരാതിയിൽ പറയുന്ന പ്രകാരം മർദ്ദനം നടന്നിട്ടില്ല എന്ന് വെളിവായിട്ടുള്ളതാണ്. |
| (സി) | അനീഷ് റ്റി .എസ്. ന് എതിരെ ശ്രീ. ബേസിൽ മത്തായി മുൻപ് എന്തെങ്കിലും പരാതി നൽകിയിട്ടുണ്ടോ; സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (സി) പരാതി നൽകിയിട്ടുണ്ട്. പരാതിയിൽ പറയുന്ന കാര്യങ്ങൾ അന്വേഷണത്തിൽ വെളിവായിട്ടില്ലാത്തതും, അന്വേഷണത്തോട് പരാതിക്കാരൻ സഹകരിച്ചിട്ടില്ലാത്തതുമാണ്. ആയതിനാൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ഡി) | മർദ്ദന ആവശ്യത്തിന് ബേസിൽ മത്തായിയെ കയറ്റിക്കൊണ്ടുപോയ സ്വകാര്യ വാഹനം തിരിച്ചറിഞ്ഞിട്ടുണ്ടോ; | (ഡി) ഉണ്ട്. |
| (ഇ) | ഈ വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ എത്രയെന്നും ഉടമ ആരെന്നും വ്യക്തമായിട്ടുണ്ടോ? | (ഇ) കെ.എൽ -43 എ /8904 ഇന്നോവ. അമ്മിണി റെജി, പാലക്കുന്നേൽ വീട്, കുരംകുന്ന്, പോത്താനിക്കാട് എന്നയാളുടെ ഉടമസ്ഥതയിലാണ് ഈ വാഹനം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ